LIBRARY ARCHIVES Kerala Legislative Assembly

## വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഭൂമി

204 (571) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ ഏത് സ്ഥാപനം, എത്ര ഭൂമി എന്നീ വിവരങ്ങൾ സഹിതം നൽകുമോ ;

(സി) ഉപയോഗിക്കാത്ത ഭൂമിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊല്ലക്കടവ് വികസന ഏരിയയിൽ വ്യവസായ വകുപ്പിന്റെകീഴിൽ ആകെ 16.22 ഏക്കർ വ്യവസായ ഭൂമിയുണ്ട്.

(ബി) ഇതിൽ 43 യൂണിറ്റുകൾക്കായി 13.91 ഏക്കർ വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്. പൊതുവായ ആവശ്യങ്ങൾക്കായി 1.83 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആകെയുള്ള 16.22 ഏക്കർ വ്യവസായ ഭൂമിയിൽ 3 പേർക്ക് നൽകിയ 48 സെന്റ് സ്ഥലം തിരിച്ചെടുത്ത് റീ അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ് യൂണിറ്റ്

205 (572) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ് യൂണിറ്റിലെ (എസ്.ഐ.എഫ്.എൽ.) എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം കാലോചിതമായി പരിഷ്കരിച്ചു നൽകുന്നതു സംബന്ധിച്ച ഫയലിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.